Mr. C. N. Tuppan Namputiri : ഡിപ്പാർട്ടുമെൻറ് നിർണ്ണയിച്ചിട്ടുള്ള അളവിൽ കുറവായ വണ്ണമുള്ള തടികൾ വെട്ടിക്കൊണ്ടു പോകുമ്പോൾ ആ തടികൾക്കും അനാംതരം തടികളുടെ വിലതന്നെ കൊടുക്കേണ്ടതല്ലേ?

Mr. R. Dhanukoti Pillai : It was however found that the poles collected from private lands were not very useful for the Electric Department, and we had to abandon the idea of further supply from such places.

He also referred to the question of payment of kudivila. Sir, we were having that complaint ever since the reformed Council come into existence. Now, we have devised a set of rules by which kudivila is being paid as soon as the timber is delivered at the depot. The real point is that, during the past several decades, arrears had accumulated to such a large extent that special staff had to be appointed to clear them off. Now Government have appointed such special staff which is clearing the arrears as quickly as possible; and every year provision is made in the budget for about Rs. 80,000 for the payment of kudivila claims. The work is progressing rapidly, and the department is submitting to the Government quarterly statements about the progress of the work. Government are very keen in seeing that the work is finished and the persistent complaint removed as expeditiously as possible.

Mr. Thuppan Nampootiri also said that no receipt is being given when trees are removed from private holdings. Sir, when a tree is felled from private land, a mahazar is prepared with the help of the subordinates of the Revenue Department ; and, if the real owner of the property is on the spot, a receipt is also given to him. Some times it happens that the real owner is not on the spot; in such a case only the mahazar is prepared ; no receipt is given.

The Demand was put to vote and carried.

The grant was made.

DEMAND XIII—GENERAL ADMINISTRATION, EXCLUDING FINANCIAL SECRETARIAT, ACCOUNT OFFICE, LEGISLATIVE BODIES, AND PUBLIC SERVICE COMMISSIONER.

Rao Bahdur Rajyasevanirata Dr. N. Kunjan Pillai : Sir, I rise to move for a grant not exceeding Rs. 2,62,273, under Demand XIII—General Administration, excluding Financial Secretariat, Account Office, Legislative Bodies and Public Service Commissioner.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. N. Tuppan Namputiri : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ജന്മികുടിയാൻ കാര്യങ്ങളെപ്പറ്റി ചില നിർദ്ദേശങ്ങൾ ചെയ്യണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ജന്മിക്കരം സ്റ്റാഫ് കുറക്കുന്നതിനു ഗവണ്മെൻറ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു. ജന്മിക്കരം സെറ്റിൽമെൻറ് പൂർത്തിയാക്കുന്നതിനു ഇനിയും ഒരു കൊല്ലംകൂടി വേണ്ടിവരുമെന്നാണ് ലാൻഡ് റവന്യൂകമ്മീഷണരും, ഗവണ്മെൻറും പ്രതീക്ഷിക്കുന്നതെന്നു തോന്നുന്നു. എന്നാൽ ജന്മികുടിയാൻ റഗുലേഷൻ പാസ്സാക്കിയകാലത്തു് ലാ മെംബർ, ഒന്നോരണ്ടോ കൊല്ലംകൊണ്ടു് ജന്മിക്കരം സെറ്റിൽമെൻറുജോലി പൂർത്തിയാകുമെന്നു് അഭിപ്രായപ്പെട്ടപ്പോൾ അതു് അത്ര എളുപ്പത്തിൽ തീരുമോ എന്നു് സംശയമാണെന്നു് ഞാൻ അഭിപ്രായപ്പെട്ടിരുന്നു.

ഏതാനും ചില താലൂക്കുകളിൽ ജന്മിക്കരം സെറ്റിൽമെൻറു് ജോലി പൂർത്തിയാക്കീട്ടുണ്ടെങ്കിലും ഇനിയും മറനേകം താലൂക്കുകളിലും അതു് അപൂർണ്ണമായി കിടക്കുന്നതേയുള്ളു. അതുകൊണ്ടു് ജോലി പൂർത്തിയാക്കിയ താലൂക്കിൽ സ്റ്റാഫ് വേണ്ടെന്നുവച്ചു് മറുതാലൂക്കിലേയും സ്റ്റാഫ് കുറക്കുന്നതു് വളരെ കഷ്ടമാണു. സംഗതികൾ നല്ലവണ്ണം മനസ്സിലാക്കി ജോലി തുടരുകയാണെങ്കിൽ ഇനിയും ഒരു മൂന്നുകൊല്ലം കൊണ്ടേ ഈ സെറ്റിൽമെൻറു് തീരുകയുള്ളു എന്നാണു് എനിക്കു തോന്നുന്നതു്. ഈ വിഷയത്തിൽ വളരെ ശ്രദ്ധാന്തിയും സാമർത്ഥ്യവും ഉള്ള ലാൻഡ് റവന്യൂ കമ്മീഷണരും ഇക്കാര്യം സമ്മതിക്കുമെന്നു് തീർച്ചയാണു.

ഇന്നു് ലാൻഡ് റവന്യൂകമ്മീഷണരുടെ ദൃഷ്ടിയിൽപെടാതെ പല അഴിമതികളും നടക്കുന്നുണ്ടു്. ജന്മിക്കരം ആഫീസറന്മാർ ജന്മിമാരുടെ സ്റ്റേറുമെൻറിനെ വകവക്കാതെ അവക്കു തോന്നിയപോലെ പലേതീർപ്പുകളും ചെയ്യുവരുന്നുണ്ടു്. മുമ്പു് നടന്നതായ ജനറൽ സെറ്റിൽമെൻറിൽതന്നെ പല പിശകുകളും പറ്റിപോയിട്ടുണ്ടെന്നു് ഗവണ്മെൻറു സമ്മതിക്കുന്നു. പലേ സർവ്വേനമ്പരിലും കുഴപ്പമുണ്ടു്. അങ്ങിനെ തെറ്റായ സെറ്റിൽമെൻറു് റിക്കാർഡിനേയും പാട്ടമിച്ചത്തേയും അടിസ്ഥാനമാക്കിവേണം ജന്മിക്കരം സ്റ്റേറുമെൻറു കൊടുക്കാൻ എന്നു് നിബന്ധന വെച്ചിരിക്കുന്നതാണു് ഈ കുഴപ്പത്തിനും കാലതാമസത്തിനും എല്ലാം കാരണം. ഇങ്ങനെ കുഴപ്പങ്ങൾ ഉള്ളസ്ഥിതിക്കു് ജന്മിക്കരം സെറ്റിൽമെൻറുജോലി ഒരുകൊല്ലത്തിനകം തീരുമെന്നുപറയുന്നതു് കുഴപ്പത്തിന്റെ ഗൌരവം മനസ്സിലാക്കാത്തതുകൊണ്ടാണെന്നാണു് ഞാൻ ഊഹിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. ജന്മികുടിയാൻ ബില്ല് നിയമസഭയിൽ വന്നപ്പോൾ ജന്മിമാരുടെ അവകാശങ്ങളെ കുറച്ചുകൊണ്ടുവരികയാണ്. രാജ്യക്ഷേമത്തിനാവശ്യമെന്ന് ഒരു മെംബർ പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ ജന്മിയുടെ അവകാശങ്ങൾ കുറക്കുന്നത് ഇങ്ങനെ അവരെ ഇട്ട് കഷ്ടപ്പെടുത്തിയിട്ട് വേണമെന്ന് പറയുന്നത് വളരെ സങ്കടംതന്നെയാണ്.

ഇന്ന് ജന്മിക്ക് ഇന്നായിന്ന അവകാശങ്ങൾ ഉണ്ടെന്ന് ഏറക്കുറെ രജിസ്റ്റർ അധാരപ്രകാരംതന്നെ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങിനെയുള്ളടത്തോളം ആ ആധാരം അനുസരിച്ച് സ്റ്റേറുമെൻറുവാങ്ങി തീരുമാനം ചെയ്തിരുന്നെങ്കിൽ ഇതു് എത്രയോ എളുപ്പം തീരുമായിരുന്നു. അതിൽ അല്പസ്വല്പം വല്ല പിശകും വന്നുകൂടുകയാണെങ്കിൽതന്നെയും അതെല്ലാം ജനറൽ സെറ്റിൽമെൻറ് കാലത്തു പരിഹരിക്കാമായിരുന്നു. പാട്ടമിച്ചത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളും അന്ന് നിർണ്ണയിക്കാമായിരുന്നു. ഇനിയെങ്കിലും ഇതു് കഴിയുന്നവേഗം തീർത്തുതരണമെന്നു ഗവണ്മെൻറിനോടും ലാൻറ് റവന്യൂ കമ്മീഷണരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇതിനുംപുറമെ ലാ മെംബർ മനഃപൂർവ്വമായിട്ടെന്നപോലെ ജന്മിമാക്കു് പല കഷ്ടനഷ്ടങ്ങളും ഉണ്ടാക്കിത്തീർത്തുണ്ടു്. ജന്മികുടിയാൻ റഗുലേഷൻനിമിത്തം ജന്മിമാക്കു കിട്ടുവാനുണ്ടായിരുന്ന ആദായം പൊതുവെതന്നെ കുറച്ചിട്ടുണ്ടു്. അതും പോരെങ്കിൽ ജന്മിമാരെ കുറേക്കൂടി നഷ്ടപ്പെടുത്തത്തക്കവണ്ണം പറയെസംബന്ധിച്ചും ഇപ്പോൾ ഒരു സർക്കുലർ ഉണ്ടായിട്ടുണ്ടു്. ഈ അടുത്തകാലംവരെ സ്റ്റാൻഡാർഡുപറയും അഗ്രശാലപറയും ഒന്നാണെന്നുള്ള ധാരണയാണു ജന്മിക്കും കുടിയാനും ഉണ്ടായിരുന്നതു്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണു് ജന്മികുടിയാനവന്മാർ തമ്മിലുള്ള സകല കരണങ്ങളും ചെയ്തിട്ടുള്ളതും. ഗവൺമെൻറും ഇതിനെ അംഗീകരിച്ചുമിരുന്നു. എന്നാൽ ഇപ്പോൾ ഉണ്ടായിട്ടുള്ള സർക്കുലർപ്രകാരം അഗ്രശാലപറക്കു് ന ര ഠ ക്യൂബിക്കു് ഇഞ്ചോ അളവുള്ളു എന്നും, സ്റ്റാൻഡാർഡുപറയ്ക്കു് വ ഠ ഠ ക്യൂബിക്കു് ഇഞ്ചു് അളവുണ്ടെന്നും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഇതുനിമിത്തം ജന്മിമാർക്കു് കിട്ടുവാനുള്ള ആദായത്തിൽ നാലിലൊന്നു നഷ്ടപ്പെടേണ്ടിയിരിക്കുന്നു. ഗവണ്മെൻറിൻറെ ഈ സർക്കുലർ വളരെ നീതിവിരുദ്ധമായിട്ടുള്ളതാണെന്നു പറയാതെ തരമില്ല. ഈ രണ്ടുപറയ്ക്കുംതമ്മിൽ യാതൊരുവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiri.]

ത്യാസവുമില്ലെന്നും, അളവ് തുല്യമാണെന്നും, ഫ ൦ ൈ ൨-ഇടവം ൧൯-ാം-തീയതിലെ ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഫ ൦ ൈ ൧-ലെ ൫-ാം റഗുലേഷനായ ജന്മികുടിയാൻ റഗുലേഷൻ പാസ്സായശേഷം പറകളെസംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടാകയാൽ, അതിനെ പരിഹരിക്കുന്നതിനും അളവിനെ വ്യവസ്ഥപ്പെടുത്തുന്നതിനും ആയിട്ടാണ ഫ ൦ ൈ ൨-ൽ ഈ നോട്ടീസ് ഉണ്ടായിട്ടുള്ളത്. ഗവണ്മെൻറിന്റെ ഈ തീർച്ചയെ തീരെ വിസ്മരിച്ച്, ജന്മിമാരെ നഷ്ടപ്പെടുത്തുവാനൊ എന്ന തോന്നുമാറ്. ഇങ്ങനെയൊരു ആഡർ പുറപ്പെടുവിക്കുന്നതിന് ലാ മെംബറെ പ്രേരിപ്പിച്ചതു് എന്തു ശക്തിയാണെന്നു അറിഞ്ഞുകൂടാ. ഇതിനു ലാ മെംബർ പറയുന്ന സമാധാനം ജന്മിമാർ ഓരോകേസിനും പ്രത്യേകം തെളിവു ഹാജരാക്കണമെന്നാണ്.

Mr. K. K. Kuruvilla (*Mavelikara and Tiruvalla* cum *Pattanamtitta*): Sir, I rise to submit a personal explanation on behalf of the Samyukta Party. Sir, many members of the Samyukta Party, in the Assembly and in this House, have met me in the course of these few days and have discussed with me the ideals of that party. Some of them at least think that, in the few statements that I have made about communalism, I have compromised the ideals of that party. Whatever that be, they are anxious, as I am, that there should be no misunderstanding about the ideals of that party. Mr. Anirudhan, the Leader of the party here, should have given this explanation. But, he has let me do it since he and some others think that I have been partly responsible for the misunderstanding.

The Council adjourned at 5 P. M.

E. I. CHACKO,

Secretary, Sri Chitra State Council.

LIBRARY ARCHIVES Kerala Legislative Assembly